**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച താല്പര്യപത്രങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 21, 22 തീയതികളിലായി എറണാകുളത്ത് വെച്ച് സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ലൂടെ, ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുവാനും, ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും സാധിച്ചു. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് അനുമാനിക്കുന്നു.<br><br>ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികളിലൂടെ കൃത്യമായി ഫോളോ അപ്പ് നടന്നു വരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും, വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>ഈ പശ്ചാത്തലത്തിൽ, സംരംഭകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമേഖലകളിൽ, നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും സ്വീകരിക്കേണ്ട |

| | | | |
|---|---|---|---|
| | | | നയപരമായ പരിഷ്കാരങ്ങൾ ഉൾപ്പെടുത്തി, 31 നയ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും ആയത് 19.06.2025-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തല യോഗത്തിൽ ചർച്ച ചെയ്യുകയും, ഭൂരിപക്ഷം നയപരിഷ്കാര നിർദ്ദേശങ്ങളും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.<br><br>ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. നിലവിൽ ഇവ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,684.750 കോടിയുടെ നിക്ഷേപവും, 48,363 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങളുടെ 21.38% വരുന്നതാണ്. |
| (ബി) | പ്രസ്തുത സംഗമത്തിൽ ലഭ്യമായ നിക്ഷേപ താല്പര്യ പത്രങ്ങളിൽ എത്ര ശതമാനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | രാജ്യത്തിനകത്തും പുറത്തുമുള്ള വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നല്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങൾ മൂലം, കേരളത്തിന് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിൽ (ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്) മികച്ച നേട്ടം കൈവരിക്കുന്നതിനും, അതുമൂലം സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ലഭിക്കുന്നതിനും സാധിച്ചു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കീഴിൽ നിയമനിർമ്മാണങ്ങളും ഭേദഗതികളും ഉൾപ്പെടുന്ന നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ തന്നെ തുടക്കം കുറിച്ചിരുന്നു. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി |

ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 125 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. പ്രസ്തുത നിയമത്തിന് കീഴിൽ നാളിതുവരെ 77307 സംരംഭങ്ങൾക്ക് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ കെ-സ്വിഫ്റ്റിലൂടെ നല്കിയിട്ടുണ്ട്.

കൂടാതെ, 2019-ലെ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തി വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും

സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും, വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം എക്സ്റ്റേർണൽ കമ്മിറ്റി ശിപാർശ ചെയ്ത മാർഗ്ഗനിർദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കാൻ അതതു വകുപ്പുകളിലേക്ക് പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ അയച്ചിട്ടുണ്ട്.

ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറാ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. ഈ നയത്തിലൂടെ 22 മേഖലകളെ മുൻഗണനാ മേഖലകളാക്കുകയും, പ്രസ്തുത മേഖലകളിലെ സംരംഭങ്ങൾക്ക് 18 ഇൻസെന്റീവുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിനായും ഈ സർക്കാർ നിരവധി പദ്ധതികളും, ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. കെഎസ്ഐഡിസി-യുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു. കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി 3 കോടി വരെ സബ്സിഡി നല്കുന്ന പുതിയ സ്കീം രൂപീകരിച്ചു. ഇതിന്റെ ഭാഗമായി ഇതുവരെ 37 എസ്റ്റേറ്റുകൾക്ക് ഡെവലപ്മെൻറ് പെർമിറ്റ് നൽകി. സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിലവിലുള്ള അധിക ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങുവാനുള്ള നയവും സർക്കാർ ആവിഷ്കരിച്ചു.

ഇവ കൂടാതെ, സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ ഭാഗമായി നിരവധി പരിഷ്കരണങ്ങളും, സംസ്ഥാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട അനുമതികൾ നല്കുന്ന വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കി, ബിസിനസ്സിന്റെ അനുമതികൾക്കായി പാൻ (PAN) സിംഗിൾ ബിസിനസ്സ് യൂസർ ഐഡിയായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, ഒരു സംരംഭം ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി നേടേണ്ട എല്ലാ ലൈസൻസുകളും/ അംഗീകാരങ്ങളും/ ക്ലിയറൻസുകളും/ NoC-കളും സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ 'Know Your Approval' മൊഡ്യൂളിലൂടെ ഏകജാലക സംവിധാനത്തിൽ പ്രസിദ്ധീകരിക്കുക, രജിസ്ട്രേഷനിലോ ഉടമസ്ഥാവകാശ കൈമാറ്റത്തിലോ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായാൽ ഒന്നിലധികം വകുപ്പുകളുടെ രേഖകൾ മാറ്റുന്നതിനുള്ള ഓട്ടോമാറ്റിക് സിസ്റ്റം അവതരിപ്പിക്കുക, രജിസ്റ്റർ ചെയ്ത രേഖകൾ, തണ്ടപ്പർ എക്സ്ട്രാക്റ്റ് തുടങ്ങിയ ഡിജിറ്റൈസ് ചെയ്ത ഭൂമി രേഖകൾ വകുപ്പുകൾ സന്ദർശിക്കാതെ തന്നെ ഉപയോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ ഇവയിൽ ചിലതാണ്.

| | | | |
|---|---|---|---|
| | | | ഇപ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനായി കൈക്കൊണ്ട നടപടികളിലൂടെ കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡിപിഐഐടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. തുടർന്നും തൽസ്ഥിതി നിലനിർത്തുന്നതിനാവശ്യമായ നടപടികളും നിലവിൽ സ്വീകരിച്ച് വരികയാണ്. |
| (ഡി) | കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ് മെച്ചപ്പെടുത്തുവാനും അതുമൂലം സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ലഭിക്കുവാനും എടുത്ത നടപടികൾ വിശദമാക്കാമോ? | (ഡി) | മേൽ (സി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ